# പ്രതിമാസ പദ്ധതി (സ്കൂൾ വികസന പ്ലാൻ)

| സമയം | പ്രവർത്തനം | ചുമതല |
|---|---|---|
| **ഏപ്രിൽ,** | ○ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി<br>○ എസ് ആർ ജി<br>○ ക്ലാസ് പിടിഎ<br>○ ഭവന സന്ദർശനം<br>○ ഗൂഗിൾ മീറ്റ്<br>○ ഓൺലൈൻ പരിശീലന പരിപാടി<br>○ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ○ പിടിഎ<br>○ മാനേജ്മെന്റ്<br>○ എസ് ആർ ജി |
| **മെയ്** | ○ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി മൂല്യനിർണയ പ്രവർത്തനങ്ങൾ<br>○ ഭവന സന്ദർശനം<br>○ കുടിവെള്ള പരിശോധന<br>○ അടുക്കള ശുചീകരണം<br>○ പാഠപുസ്തക വിതരണം<br>○ ക്ലാസ് പിടിഎ<br>○ എസ് ആർ ജി<br>○ അഡ്മിഷൻ ആരംഭം<br>○ സ്കൂൾ പരിസരം വൃത്തിയാക്കൽ,<br>○ പ്രവേശനോത്സവത്തിന് PTA ഉള്ള ഒരുക്കങ്ങൾ<br>○ ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് സ്കൂൾ അലങ്കരിക്കൽ | ○ പിടിഎ<br>○ മാനേജ്മെന്റ്<br>○ എസ് ആർ ജി |
| | ○ പ്രവേശനോത്സവം<br>○ സന്നദ്ധതാ പ്രവർത്തനങ്ങൾ<br>○ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി<br>○ പരിസ്ഥിതി ദിനം ആചരിക്കൽ, പരിസ്ഥിതി ക്ലബ് രൂപീകരണം<br>○ ക്ലാസ് തലത്തിൽ വായന<br>○ വായന ദിനം | |

| | | |
|---|---|---|
| ജൂൺ | ○ വായനാവാരം<br>○ ക്ലാസ്  ലൈബ്രറി<br>○ വായനാ കുറിപ്പ് തയ്യാറാക്കൽ<br>○ സ്വരാക്ഷരങ്ങൾ - സചിത്ര ബുക്ക് തയ്യാറാക്കൽ<br>○ ജന്മദിന കലണ്ടർ തയ്യാറാക്കൽ<br>○ ക്ലാസ് ലൈബ്രറി<br>○ അസംബ്ലി പ്രവർത്തന പദ്ധതി തയ്യാറാക്കൽ<br>○ Zumba പരിശീലനം<br>○ ബാലസഭ<br>○ ക്ലാസ് പിടിഎ - ശ്രദ്ധ യോഗം<br>○ P T A പൊതു  യോഗം<br>○ Spoken English പരിശീലനം ആരംഭിക്കൽ<br>○ HEART -ഇംഗ്ലീഷ് പരിശീലന പരിപാടി<br>○ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ബോധവൽക്കരണ പരിപാടികൾ | ○ സ്പെഷ്യൽ കെയർ സെൻറർ<br>○ ലൈബ്രറി ടീച്ചർ<br>○ ക്ലാസ് അധ്യാപകൻ<br>○ ഐടി പരിശീലനം<br>○ പഠനോപകരണ ശില്പശാല 1,2 |
| | ○ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി<br>○ ബഷീർ അനുസ്മരണം<br>○ സ്കൂൾ പാർലമെൻറ് ഇലക്ഷൻ<br>○ ജനസംഖ്യാദിനം<br>○ ചാന്ദ്രദിനം<br>○ ക്വിസ്<br>○ റോക്കറ്റ് നിർമ്മാണം<br>○ എല്ലാ ക്ലാസിലേക്കും ഓരോ പത്രം<br>○ സ്പോക്കൺ ഇംഗ്ലീഷ്<br>○ ക്ലബ്ബ് രൂപീകരണം<br>○ പിടിഎ യോഗം<br>○ ആരോഗ്യ- സുരക്ഷാ ബോധവൽക്കരണ ക്ലാസ്<br>○ ബുൾബുൾ യൂണിറ്റ് പ്രവർത്തനങ്ങൾ<br>○ എസ് ആർ ജി യോഗം<br>○ എയ്റോബിക്സ് പരിശീലനം | ○ ക്ലാസ് അസംബ്ലി<br>○ എസ് ആർ ജി<br>○ ഹെൽത്ത് ക്ലബ്<br>○ പിടിഎ സെക്രട്ടറി |

| | | |
|---|---|---|
| ജൂലൈ | ○ Zumba പരിശീലനം<br>○ സാഹിത്യ സമാജം<br>○ അബാക്കസ്<br>○ സ്കൂൾ ഹെൽത്ത് പ്രോഗ്രാം<br>○ മെഡിക്കൽ ക്യാമ്പ്<br>○ ക്രിയേറ്റീവ് കോർണർ<br>○ നിഘണ്ടു തയ്യാറാക്കൽ | ○ എസ് ആർ ജി കൺവീനർ<br>○ ക്ലാസ് ടീച്ചർസ്<br>○ സ്പോർട്സ് ടീച്ചർ<br>○ ആർട്സ്ടീച്ചർ |
| ഓഗസ്റ്റ് | ○ കാർഷിക ക്ലബ്ബ് രൂപീകരിക്കൽ<br>○ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കൽ<br>○ നൃത്ത പരിശീലനം<br>○ ക്ലാസ് പിടിഎ<br>○ ഹിരോഷിമ ദിനം<br>○ നാഗസാക്കി ദിനം<br>○ സ്വാതന്ത്ര്യ ദിനം<br>○ സാഹിത്യസമാജം<br>○ ഭവന സന്ദർശനം<br>○ ക്ലാസ് തലത്തിൽ കായിക പരിശീലനം<br>○ അടുക്കള പച്ചക്കറിത്തോട്ടം ആരംഭിക്കൽ<br>○ കളർ ഇന്ത്യ<br>○ പൂന്തോട്ട നിർമ്മാണം | ○ സയൻസ് ഗ്രൂപ്പ്<br>○ ഹലോ ഇംഗ്ലീഷ്<br>○ ഉല്ലാസ ഗണിതം<br>○ വായന ചങ്ങാത്തം<br>○ ഗണിതവിജയം |
| | ○ വ്യഞ്ജനങ്ങൾ ചേർത്തുള്ള അക്ഷര ബുക്ക് തയ്യാറാക്കാൻ<br>○ ഒന്നാം പാദവാർഷിക പരീക്ഷ<br>○ ഓണാഘോഷം<br>○ എസ് ആർ ജി യോഗം<br>○ സ്കൂൾ കലോത്സവം ബോധവൽക്കരണ ക്ലാസ്<br>○ കലാമേഖലയിൽ കഴിവുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു<br>○ കായികമേള<br>○ ബ്ലോഗ് പ്രവർത്തനം വിലയിരുത്തൽ<br>○ ഭക്ഷണ അവശിഷ്ടങ്ങളുടെ | |

| | | |
|---|---|---|
| സെപ്റ്റംബർ | ശരിയായ വിനിയോഗം<br>○ പോഷൻ അഭിയാൻ അടുക്കളത്തോട്ടം<br>○ സെപ്റ്റംബർ 5 അധ്യാപക ദിനത്തിൽ അംഗനവാടി സന്ദർശനം<br>○ അധ്യാപകരെ ആദരിക്കൽ<br>○ ക്ലാസ് പിടിഎ | ○ ക്ലാസ് അസംബ്ലി<br>○ സയൻസ് ക്ലബ്<br>○ ആർട്ട് ടീച്ചർ<br>○ ഐടി ടീച്ചർ<br>○ ഹെൽത്ത് ക്ലബ് |
| ഒക്ടോബർ | ○ ഗാന്ധിജയന്തി<br>○ ശുചിത്വം വാരാചരണം<br>○ അവലോകനം<br>○ പ്രവർത്തന പദ്ധതി വിലയിരുത്തൽ<br>○ എസ് ആർ ജി യോഗം<br>○ ലഹരി വിമുക്ത കേരളം<br>○ കൃഷി വിപുലീകരണം കായിക അധ്യാപകന് സേവനം ലഭ്യമാക്കുന്നു<br>○ സ്കൂൾതല കായികമേള<br>○ ജീവകാരുണ്യ പ്രവർത്തനങ്ങൾ<br>○ സാഹിത്യ സമാജം<br>○ ക്ലാസ് പിടി എ<br>○ പി ടി എ യോഗം<br>○ ഫീൽഡ് ട്രിപ്പ്<br>○ അക്ഷരമുറ്റം സ്കൂൾതല ക്വിസ് | ○ കാർഷിക ക്ലബ്ബ്<br>○ സ്പോർട്ട് ടീച്ചർ<br>○ പി ടി എ |
| നവംബർ | ○ എസ് ആർ ജി യോഗം<br>○ പത്ര ക്വിസ്<br>○ കേരളപ്പിറവി ബാലസഭ<br>○ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് കായിക പരിശീലനം<br>○ Dr.സലിം അലി ജന്മദിനം<br>○ ശിശുദിനാഘോഷം<br>○ പ്രീ പ്രൈമറി ആർട്ട്സ് ഫെസ്റ്റ്<br>○ ഫീൽഡ് ട്രിപ്പ്<br>○ ഭക്ഷ്യമേള<br>○ എൽഎസ്എസ് പരിശീലനം<br>○ ക്ലാസ് പിടിഎ | ○ സ്പോർട്ട് ടീച്ചർ |

| | | |
|---|---|---|
| ഡിസംബർ | ○ ക്ലാസ് പിടിഎ<br>○ വിവിധ ക്ലബ്ബുകൾ അവലോകനം<br>○ ഭവന സന്ദർശനം<br>○ അർദ്ധ വാർഷിക പരീക്ഷ<br>○ ക്രിസ്മസ് ആഘോഷം<br>○ എൽഎസ്എസ് പരിശീലനം<br>○ TAP പ്രവർത്തനങ്ങൾ<br>○ MCQ ചോദ്യങ്ങൾ | ○ വിവിധക്ലബ്ബുകളുടെ ചുമതലയുള്ള അധ്യാപകർ |
| ജനുവരി | ○ മികവുത്സവം<br>○ പഠനയാത്ര<br>○ ക്ലാസ് പി ടി എ<br>○ എസ് ആർ ജി യോഗം<br>○ കോർണർ പിടിഎ<br>○ പഠനോത്സവം<br>○ എൽഎസ്എസ് പരിശീലനം<br>○ TAP പ്രവർത്തനങ്ങൾ<br>○ MCQ ചോദ്യങ്ങൾ<br>○ ഇംഗ്ലീഷ് ഫെസ്റ്റ് | |
| ഫെബ്രുവരി | ○ എസ് ർ ജി യോഗം<br>○ സ്കൂൾ വാർഷികം<br>○ അംഗനവാടി സന്ദർശനം<br>○ എൽഎസ്എസ് പരിശീലനം<br>○ TAP പ്രവർത്തനങ്ങൾ<br>○ MCQ ചോദ്യങ്ങൾ<br>○ എൽഎസ്എസ് പരീക്ഷ<br>○ കുട്ടികളുടെ ഭവന സന്ദർശനം | |
| മാർച്ച് | ○ എസ് ർ ജി യോഗം<br>○ വാർഷീക പരീക്ഷ<br>○ Convocation<br>○ നാലാം ക്ലാസിന്റെ യാത്രയയപ്പ് | |

# വിദ്യാലയം പൊതു വിവരങ്ങൾ

| | | |
|---|---|---|
| സ്ഥാപിതം | : | 1910 |
| സ്കൂൾ കോഡ് | : | 46318 |
| പഞ്ചായത്ത് | : | എടത്വാ |
| വാർഡ് | : | 5 |
| ബി.ആർ.സി | : | തലവടി |
| ഉപജില്ല | : | തലവടി |
| ബ്ലോക്ക് | : | ചമ്പക്കുളം |
| ജില്ല | : | ആലപ്പുഴ |
| പ്രഥമാധ്യാപിക | : | ശ്രീമതി. റോസ് .കെ. ജേക്കബ് |
| അധ്യാപകരുടെ എണ്ണം | : | 6 + 2 ( പ്രീ പ്രൈമറി) |
| കുട്ടികളുടെ എണ്ണം (I to IV) | : | ----- |
| പ്രീ പ്രൈമറി വിഭാഗം | : | ------ |

# കുട്ടികളുടെ എണ്ണം

| വർഷം | LKG | UKG | 1 | 2 | 3 | 4 | TOTAL |
|---|---|---|---|---|---|---|---|
| 2022-23 | 25 | 28 | 38 | 42 | 54 | 51 | 238 |
| 2023-24 | 22 | 29 | 43 | 34 | 46 | 54 | 228 |
| 2024-25 | 23 | 32 | 40 | 43 | 33 | 43 | 214 |
| 2025-26 | 23 | 26 | 35 | 42 | 44 | 37 | 207 |

## അധ്യാപകരുടെ എണ്ണം

| വർഷം | പ്രീ പ്രൈമറി | പ്രൈമറി | | TOTAL |
|---|---|---|---|---|
| | | ഗവൺമെൻറ് അംഗീകരിച്ചത് | മാനേജ്മെൻറ് അംഗീകാരത്തോടെ | |
| 2022-23 | **2** | **6** | **2** | **10** |
| 2023-24 | **2** | **6** | **2** | **10** |
| 2024-25 | **2** | **6** | **3** | **11** |
| 2025-26 | **2** | **6** | **3** | **11** |

# ആമുഖം

അനേകം തലമുറകൾക്ക് അക്ഷര വെളിച്ചവും ആത്മജ്ഞാനവും പകർന്നു നൽകിക്കൊണ്ട് മുന്നേറുന്ന എടത്വായിലെ ഒരു പ്രാഥമിക വിദ്യാകേന്ദ്രമാണ് സെൻറ് അലോഷ്യസ് സ്കൂൾ. '115 വർഷത്തെ പ്രവർത്തന പാരമ്പര്യം വിളിച്ചോതുന്ന ഈ വിദ്യാഭ്യാസ സ്ഥാപനം തലവടി സബ് ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് .അക്കാദമിക അക്കാദമികേതര രംഗങ്ങളിലെ ചിട്ടയായ പരിശീലനം മികച്ച അച്ചടക്കം സൗഹൃദപരമായ വിദ്യാലയാന്തരീക്ഷം മികച്ച പഠന പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ്മ കുട്ടികളിൽ ധാർമിക മൂല്യത്തെക്കുറിച്ച് അവബോധം വളർത്തൽ ഇവയൊക്കെ ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.

ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളും പഠനാന്തരീക്ഷവും ഒരുക്കുന്നതിൽ വിദ്യാലയം വളരെയധികം ശ്രദ്ധ ചെലുത്തുന്നു .സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ കുട്ടികൾക്കും പഠന പിന്തുണ ആവശ്യമായ കുട്ടികൾക്കും അനുയോജ്യമായ നിരവധി പ്രവർത്തനങ്ങളോടെയാണ് 2025- 26 അധ്യായന വർഷം ആരംഭിക്കുന്നത്.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് 2025- 26 വർഷത്തെ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ അക്കാദമിക വർഷം സ്കൂൾ ഏറ്റെടുത്തിരിക്കുന്ന പ്രധാന തീം " **HEART**" പദ്ധതിയാണ് 'Holistic English Aquisition through Regular Training പ്രീ പ്രൈമറി ക്ലാസ് മുതൽ നാലാം ക്ലാസ്

വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ നൈപുണി വർദ്ധിപ്പിക്കുക. ഇതിലൂടെ ഭാഷ അനായാസമായി സംസാരിക്കുക, വായിക്കുക ,എഴുതുക ഇവ കൈവരിക്കുന്നതിന് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2024- 25 അധ്യയനവർഷത്തിൽ സ്കൂൾ കൈവരിച്ച നേട്ടങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ട മേഖലകൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് 2025- 26 അധ്യയനവർഷത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# 2024-25 വിദ്യാലയ മികവുകൾ

- അക്കാദമിക പ്രവർത്തനങ്ങളിൽ മികവാർന്ന വിജയം കൈവരിക്കുവാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.
    - സംയുക്ത ഡയറി സചിത്ര പാഠപുസ്തകം എന്നിവയിലൂടെ 1, 2 ക്ലാസിലെ 60% കുട്ടികളെമലയാളഭാഷയിൽ സ്വതന്ത്ര വായനക്കാരുംഎഴുത്തുകാരിമാക്കി മാറ്റാൻ കഴിഞ്ഞു.
    - NAS ,TAPപ്രവർത്തനങ്ങൾ എല്ലാ ക്ലാസിലും ഫലപ്രദമായി നടത്താൻ കഴിഞ്ഞു.
    - സ്കൂൾതല എൽ എസ് എസ് പരിശീലനം ,സ്പോക്കൺ ഇംഗ്ലീഷ്, ഹിന്ദി പരിശീലനങ്ങളിലൂടെ മികവാർന്ന വിജയവും കുട്ടികളുടെ അടിസ്ഥാന ശേഷി വികസനവും വളർത്തുവാൻ സാധിച്ചു.
    - എൽഎസ്എസ് പരീക്ഷയിൽ മികച്ച വിജയം നേടി. 16 പേരിൽ 11 പേരും സ്കോളർഷിപ്പിന് അർഹത നേടി തലവടി സബ് ജില്ലയിലെ മികച്ച വിദ്യാലയമായി.
    - ഭിന്നശേഷി കുട്ടികൾക്ക് ലഭിക്കുന്ന പ്രത്യേക പരിശീലനം സ്പെഷ്യൽ ട്രെയിനറുടെ സേവനം.

- തലവടി ഉപജില്ല പ്രീ പ്രൈമറി കലോത്സവം ഓവറോൾ ഒന്നാം സ്ഥാനം.
- ഗണിതശാസ്ത്രമേള ഓവറോൾ ഒന്നാം സ്ഥാനം.
- അറിവുൽസവം സബ്ജില്ലാതലം ഒന്നാംസ്ഥാനം ജില്ലാതലം മൂന്നാം സ്ഥാനം.
- സോഷ്യൽ സയൻസ് മേള ഓവറോൾ രണ്ടാം സ്ഥാനം ഗണിത ക്വിസ് സോഷ്യൽ സയൻസ് ക്വിസ് കടങ്കഥ ചിത്രരചന എന്നിവയിൽ 1, 2, 3 സ്ഥാനങ്ങൾ.

- ആവശ്യമായ സൗകര്യങ്ങളോടെ പുതുക്കി പണിത താൽക്കാലിക സ്കൂൾ കെട്ടിടം ലഭിച്ചു.
- പ്രീ പ്രൈമറിക്കായി പുതിയ കെട്ടിടം നിർമ്മാണം ആരംഭിച്ചു.
- ഇടത്വാ തലവെടി പഞ്ചായത്തുകളിലെ അംഗനവാടി നേഴ്സറി അധ്യാപകരെയും ആയ മാരെയും ആദരിക്കൽ ചടങ്ങ്.
- നാടൻ ഭക്ഷ്യമേള
- അഗതികൾക്ക് ഒരു കൈത്താങ്ങ് സ്നേഹസമ്മാന പദ്ധതി
- നാലാം ക്ലാസ് കുട്ടികളുടെ കോൺവക്കേഷൻ ചടങ്ങ്
- വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായ മുഴുവൻ കുട്ടികളെയും ആദരിക്കൽ
- ആരോഗ്യ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ
- മികച്ച പഠനോത്സവ പരിപാടികൾ മുഴുവൻ കുട്ടികൾക്കും അവസരം നൽകി
- കുട്ടികളുടെ ഭവന സന്ദർശനം

# ഇനിയും മെച്ചപ്പെടേണ്ട മേഖലകൾ

- മുഴുവൻ കുട്ടികളെയും ഭാഷയിൽ സ്വതന്ത്ര വായനക്കാരും എഴുത്തുകാരും ആക്കി മാറ്റുക
- ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുവാൻ കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകുക
- മുഴുവൻ കുട്ടികൾക്കും ഗണിതത്തിന്റെ അടിസ്ഥാനശേഷികൾ കൈവരിക്കാൻ അവസരം നൽകുക
- ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ അവസരം ഒരുക്കൽ
- പ്രീ പ്രൈമറി ക്ലാസുകൾ കൂടുതൽ ശാക്തീകരിക്കുക
- കുട്ടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങൾ പാർക്ക് എന്നിവ ലഭ്യമാക്കുക
- പ്രീ പ്രൈമറി ക്ലാസുകൾ ആകർഷകമാക്കുക
- പച്ചക്കറി തോട്ടം ഔഷധത്തോട്ടം ശലഭോദ്യാനം എന്നിവയുടെ നിർമ്മാണം
- പ്രീ പ്രൈമറി കുട്ടികളുടെ ഇരിപ്പിടം
- ഉച്ചഭക്ഷണം ഡൈനിങ് ഹാൾ
- ശാസ്ത്ര ആഭിമുഖ്യം വളർത്തുന്ന പ്രവർത്തനങ്ങൾ
- കുട്ടികളുടെ ജന്മദിനം ആശംസകൾ
- മികച്ച കലാകായിക പ്രവർത്തി പരിചയ പരിശീലനം

2024- 25 വർഷത്തിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിലെ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കാൻ തനത് വർഷം സാധിച്ചിട്ടില്ല. പുതിയ അധ്യായന വർഷം ഇവ പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട വിദ്യാലയം മികവ് കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്തു വരുന്നു.മാനേജ്മെൻറ് അധ്യാപകർ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ ചർച്ചയിലൂടെയും നിർദ്ദേശങ്ങളിലൂടെയും ആണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഏവരുടെയും പങ്കാളിത്തത്തോടെ ഈ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റും ഉള്ള ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു.

# ലക്ഷ്യങ്ങൾ

- വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി ഇവ ആധുനികവൽക്കരിക്കുക.
- കലാകായിക പ്രവൃർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- ഐസിടി പഠനത്തിന് ആവശ്യമായ സാഹചര്യങ്ങൾ, അക്കാദമിക തയ്യാറെടുപ്പുകൾ ഇവ ഉറപ്പാക്കുക.
- പ്രീ പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് കളി ഉപകരണങ്ങൾ, ഇരിപ്പിടം, കിഡ്സ് പാർക്ക് എന്നിവ ക്രമീകരിക്കുക.
- ചുവർ ചിത്രങ്ങൾ, പെയിന്റിംഗ് ഇവയിലൂടെ വിദ്യാലയം മോടി പിടിപ്പിക്കുക, അങ്ങനെ ശിശു സൗഹൃദ വിദ്യാലയം സ്ഥാപിക്കുക.
- ശാരീരിക മാനസിക വൈകല്യം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുക.
- ഉന്നത നിലവാരമുള്ള അധ്യാപനമുറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
- മലയാളത്തിളക്കം, ഗണിതവിജയം, ഉല്ലാസ ഗണിതം ,ഹലോ ഇംഗ്ലീഷ് എന്നീ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കുക.

- ധാർമിക മൂല്യങ്ങൾ, നല്ല ശീലങ്ങൾ, അനുകമ്പ, സഹാനുഭൂതി, തുടങ്ങിയ മനോഭാവങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ലഘു പഠന യാത്രകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
- കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂൾ മുറ്റത്ത് ഒരു പച്ചക്കറി തോട്ടം, കിച്ചൻ, ഗാർഡൻ, ശലഭ്യാനം ഇവ ഉൾപ്പെടുത്തി ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക.
- ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠനം ആരംഭിക്കുക
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക സമയം കണ്ടെത്തി പരിശീലനം നടത്തുക.
- ഓരോ ദിനാചരണങ്ങളും പ്രത്യേക പ്രാധാന്യത്തോടെ സ്കൂളിൽ നടപ്പാക്കുക.

# <u>അക്കാദമികം</u>

- HEART പദ്ധതി 'Holistic English Aquisition through Regular Training"
- ഭാഷാശേഷി വികസനം (മലയാളം)
- ഗണിതശേഷി വികസനം
- എസ് ആർ ജി ശാക്തീകരണം
- ക്ലാസ് ലൈബ്രറി രൂപീകരണം ( പ്രീ പ്രൈമറി മുതൽ 4 വരെ)
- പ്രതിഭാ പരിപോഷണ പരിപാടി ( LSS , ക്വിസ് , കലാ കായികം പ്രവൃത്തി പരിചയം)
- മികച്ച അനുരൂപീകരണ പ്രവർത്തനങ്ങൾ (ഭിന്ന ശേഷി, പഠന പിന്തുണ കുട്ടികൾ)

- സാഹിത്യ പോഷണ പരിപാടികൾ
- മികച്ച ഐടി പരിശീലനം പ്രീ പ്രൈമറി മുതൽ
- ദിനാചരണങ്ങൾ
- ശാസ്ത്ര അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
- കിഡ്സ് ഫെസ്റ്റ്
- കഥോൽസവം
- രചനോത്സവം പ്രവർത്തനങ്ങൾ
- ലഹരി വിമുക്ത സ്കൂൾ പ്രവർത്തനങ്ങൾ
- NAS TAP പ്രവർത്തനങ്ങൾ
- പോഷകാഹാര പദ്ധതി
- സ്കൂൾ പത്രം/ മാഗസിൻ
- പഠനയാത്രകൾ
- പച്ചക്കറി തോട്ടം
- ഔഷധത്തോട്ടം
- ശലഭോദ്യാനം
- യോഗ പരിശീലനം
- പ്രവർത്തി പരിചയ പഠനം
- കലാകായിക പരിശീലനം
- പിടിഎ
- മൂല്യനിർണയം നിരന്തര വിലയിരുത്തൽ
- ശില്പശാലകൾ സംഘടിപ്പിക്കൽ
- സർഗ്ഗവേള

# സാമൂഹിക മേഖല

- പിടിഎ ശക്തിപ്പെടുത്തൽ
- വിദ്യാലയ സംരക്ഷണ സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- പഞ്ചായത്ത് മാനേജ്മെൻറ് സന്നദ്ധ സംഘടനകൾ ക്ലബ്ബുകൾ പൂർവാധ്യാപകർ വിദ്യാർഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ

# ഭൗതികം

- പ്രീ പ്രൈമറി ക്ലാസ് മുറികൾ ആകർഷകമാക്കൽ കെട്ടിടം പണിപൂർത്തീകരിക്കൽ
- കിഡ്സ് പാർക്ക്
- ആകർഷകമായ പൂന്തോട്ടം
- വിദ്യാലയ അന്തരീക്ഷം
- സ്മാർട്ട് ക്ലാസ്സ് റൂം (ഒരെണ്ണം)- കമ്പ്യൂട്ടർ ലാബ്
- കളിസ്ഥലം ഒരുക്കൽ ആവശ്യമായ കളി ഉപകരണങ്ങൾ സജ്ജീകരണം
- ഉച്ചഭക്ഷണം ഇരുന്നു കഴിക്കാൻ ഇരിപ്പിടം തയ്യാറാക്കൽ
- പ്രീ പ്രൈമറി കുട്ടികൾക്ക് ബെഞ്ച് ഡെസ്ക് അനുയോജ്യമായത്
- മാലിന്യ സംസ്കരണം മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തൽ